**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 146** **09-12-2022 - ൽ മറുപടിയ്ക്ക്**

**കേരളത്തെ ഉന്നതവിദ്യാഭ്യാസത്തിന്റെ ഹബ്ബ് ആക്കി മാറ്റാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ കെ ബി ഗണേഷ് കുമാർ** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | മെഡിക്കൽ വിദ്യാഭ്യാസത്തിനുൾപ്പെടെയുള്ള ഉന്നതവിദ്യാഭ്യാസത്തിനായി ധാരാളം വിദ്യാർത്ഥികൾ മറ്റു സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും പോകുന്ന സാഹചര്യത്തിൽ കേരളത്തെ ഉന്നതവിദ്യാഭ്യാസത്തിന്റെ ഹബ്ബ് ആക്കി മാറ്റാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും പരിഷ്കരിക്കുന്നതിന് നിയമിക്കപ്പെട്ട ഡോ. ശ്യാം ബി മേനോൻ അദ്ധ്യക്ഷനായി ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, ഡോ. എൻ.കെ. ജയകുമാർ അദ്ധ്യക്ഷനായി നിയമ പരിഷ്കരണ കമ്മീഷൻ, ഡോ. സി.റ്റി. അരവിന്ദകുമാർ അദ്ധ്യക്ഷനായി പരീക്ഷാ പരിഷ്കരണ കമ്മീഷൻ എന്നീ മൂന്ന് കമ്മീഷനു കളുടെ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്.<br><br>**സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയെ വൈജ്ഞാനിക ഹബ്ബ് ആക്കുന്ന വിധത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ:**<br><br>1. **കരിക്കുലം പരിഷ്കാരം**:- 4 വർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിന് ആവശ്യമായ കരിക്കുലം ചട്ടക്കൂട് രൂപീകരിക്കാൻ നടപടികൾ ആരംഭിച്ചു.<br><br>**2.** പുതുതലമുറകോഴ്സുകൾ**:** സർവ്വകലാശാല കളിലും കോളേജുകളിലും പുത്തൻ തലമുറ (New Generation Inter Disciplinary) സ്വഭാവമുള്ള 170 ഓളം കോഴ്സുകൾ ആരംഭിക്കുകയുണ്ടായി**.**<br><br>ചുവടെ പറയുന്ന കോഴ്സുകൾ അവയിൽ ചിലതാണ്**.**<br><br>Integrated Political Science with International Relations |

MSc Statistics with specialization in Data Analytics

MCom International Trade

Masters in Commerce in Taxation

MSc Physics with Computational and Nanoscience Specialization

MSc Chemistry with Drug Chemistry

MSc Computer Science with Specialization in Artificial Intelligence

BSc Physics with Machine Learning

MSc Physics with Specialization in Space Physics

MSc Chemistry in Drug Design and Development

MA History (World History and Historiography)

MSc Botany with Specialization in Ethno Botany and Ethno Pharmacology

MA Econometrics

MA Business Economics

Bachelor of Sports Management

BA Advertising Sales Management

Integrated Botany with Computational Biology

MSc Applied Plant Science

3. **സർവ്വകലാശാലകളിൽ പ്രോജക്ട് മോഡ് പ്രോഗ്രാമുകൾ,** ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ, ഇന്റർനാഷണൽ / ഡൊമസ്റ്റിക് ഹോസ്റ്റലുകൾ എന്നിവ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

4. **മറ്റ് പ്രധാന പദ്ധതികൾ**:-

| | | | |
|---|---|---|---|
| | | | കേരള അക്കാദമിക് ലൈബ്രറി നെറ്റ് വർക്കിന്റെ (കാൽനെറ്റ്) വികസനത്തിന്<br><br>ഇ-ജേർണൽ കൺസോർഷ്യം<br><br>ഡിജികോൾ<br><br>ഓൺലൈൻ ഡിജിറ്റൽ ശേഖരം<br><br>കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (KIRF)<br><br>അദ്ധ്യാപക പരിശീലന പദ്ധതി<br><br>സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ (SAAC)<br><br>ബ്രെയിൻ ഗെയിൻ - (ലോകമെമ്പാടുമുള്ള കേരളീയ അക്കാദമിക് ഡയസ്പോറയെ കുറിച്ചുള്ള ഡേറ്റാബേസ്)<br><br>എറുഡൈറ്റ് സ്കോളാർ ഇൻ റെസിഡൻസ് പ്രോഗ്രാം<br><br>ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്. |
| (ബി) | സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നവർക്ക് ഏകജാലക സംവിധാനം ഏർപ്പെടുത്തി അടിയന്തരമായി അനുമതി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ